**പെൺപുലരി**

**ഭാഷ അറിയാതെ ആദ്യം ആംഗ്യരൂപേണ ആശയവിനിമയം നടത്തിയ ശശികല, ഇപ്പോൾ അസമീസിലും ബംഗാളിയിലും സംസാരിക്കും**



**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., മനസ്സിൻെറ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു**

# രാമനാട്ടുകരയിൽ നിന്ന് അസമിലേക്ക്

"പണ്ട് വീട്ടിൽനിന്നും അമ്പലത്തിലേക്ക് ഒറ്റയ്ക്ക് പോകാൻ കൂട്ടുവേണമായിരുന്നു. എന്നാൽ ഇന്ന് അസമിൽനിന്നും ഡൽഹിയിലേക്കും മുംബൈ വഴി കേരളത്തിലേക്കുമൊക്കെ ഒറ്റയ്ക്ക് യാത്ര ചെയ്യാൻ അറിയാം. അവനവന്റെ കാര്യങ്ങൾ സ്വയം ചെയ്യാൻ നാമോരോരുത്തരും പഠിക്കണം.'' അസമിൽ പോയി അഞ്ചു വർഷം ജോലി ചെയ്ത അനുഭവം പങ്കുവെച്ചപ്പോൾ ശശികല പറഞ്ഞു.

2000-ത്തിലാണ് കോഴിക്കോട് രാമനാട്ടുകര സ്വദേശി ശശികല അരങ്ങത്ത് കുടുംബശ്രീയിൽ ചേർന്നത്. ആദ്യത്തെ എതിർപ്പുകൾ മറികടന്ന് കുടുംബശ്രീയുടെ സി.ഡി.എസ്. ചെയർപേഴ്സൺ വരെ ആയി. തുടർന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ, കുടുംബശ്രീ പോലുള്ള സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപവത്കരിക്കുന്നതിനും അവയെ പഞ്ചായത്തുമായി സംയോജിപ്പിക്കുതിനും നേതൃത്വം നൽകാനുള്ള അവസരം വന്നു.

''വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ കേരളത്തിലേക്ക് വരാൻ സാധിക്കൂ. ഭാഷ അറിയില്ല. അവിടുത്തെ സാഹചര്യവും അറിയില്ല. എങ്കിലും സാധാരണക്കാർക്കുവേണ്ടി പ്രവർത്തിക്കാൻ കിട്ടിയ അവസരമാണ്. ഇതിനായി കുടുംബശ്രീ നടത്തിയ തിരഞ്ഞെടുപ്പുപ്രക്രിയയിൽ പങ്കെടുത്തു. ഒന്നാം റാങ്ക് കിട്ടി.'' ഇവിടെയായിരുന്നു ശശികലയുടെ അസമിലേക്കുള്ള യാത്രയുടെ തുടക്കം.

''അസമിലെ ലാഹോറിഘട്ട് എന്ന ബ്ലോക്കിൽ 24 പഞ്ചായത്തുണ്ട്. 2014-ൽ ഇതിൽ മൂന്ന് പഞ്ചായത്തുകളിൽ സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അസമിലെ മുപ്പതോളം സ്ത്രീകളെ പരിശീലിപ്പിച്ച് അവരിലൂടെയാണ് പ്രവർത്തനം നടത്തിയത്. ആദ്യഘട്ടത്തിൽ പഞ്ചായത്തിന്റെ ചുമതലയായിരുന്നു. പിന്നീട് ഒരു ബ്ലോക്കിന്റെയും ഇപ്പോൾ ഒരു ജില്ലയുടെ മുഴുവൻ പ്രവർത്തനത്തിന്റെ മേൽനോട്ടത്തിലേക്കും എത്തി.'' പടിപടിയായി ഉയരങ്ങളിലേക്ക് ശശികല കുതിക്കുന്നു.

''കുടുംബശ്രീയുടെ അസമിലെ 'മെന്റർ' എന്ന നിലയിൽ കിട്ടുന്ന വരുമാനമല്ല, മറിച്ച് എന്റെ ജീവിതംകൊണ്ട് സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് അവസരങ്ങൾ നൽകാൻ സാധിക്കും എന്ന ചിന്തയാണ് ഈ പ്രവൃത്തി ഏറ്റെടുക്കാൻ പ്രേരിപ്പിച്ചത്''. ശശികലയുടെ ഈ വാക്കുകളാണ് നാം ഏറ്റെടുക്കേണ്ടത്. ഭാഷ അറിയാതെ ആദ്യഘട്ടത്തിൽ ആംഗ്യരൂപേണ ആശയവിനിമയം നടത്തിയ ശശികല ഇപ്പോൾ അസമീസിലും ബംഗാളിയിലും സംസാരിക്കും. നിരക്ഷരരായ സ്ത്രീകളെ എഴുത്തും വായനയും പഠിപ്പിച്ചും തേയിലത്തോട്ടത്തിൽ ജോലിചെയ്യുന്ന കുട്ടികൾക്ക് സ്കൂൾ പ്രവേശനം സാധ്യമാക്കിയും പഞ്ചായത്തുകളുമായി സംയോജിച്ച് സ്ത്രീശാക്തീകരണത്തിലൂന്നിയ പ്രവർത്തനങ്ങൾ കുടുംബശ്രീക്കുവേണ്ടി ചെയ്തും കേരളത്തിൽനിന്നും 3000 കിലോമീറ്റർ അകലെ ശശികല മാറ്റങ്ങൾ വരുത്തുന്നു.




ശശികല അരങ്ങത്ത്

''വീടുവിട്ട് പോകാൻ സാഹചര്യമില്ല, എന്നെക്കൊണ്ട് ഇത്രയും കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല എന്നതൊക്കെ തോന്നലാണ്. എല്ലാറ്റിനും വഴികളുണ്ടാകും. നമ്മൾ സേവനത്തിന്റെ വഴി ഉറപ്പിച്ചുകഴിഞ്ഞാൽ സാഹചര്യങ്ങൾ നമുക്കായി വഴിമാറിത്തരും. അതിനാൽ കിട്ടുന്ന അവസരങ്ങൾ സാഹചര്യങ്ങളെ പഴിച്ച് കളയരുത്.'' അനുഭവത്തിൽ നിന്നാണ് ശശികല ഇതുപറഞ്ഞത്.